58

# യെരുശലേമിന്റെ നാശം
## (24:15- 35)

24:15–35–ൽ, യേശു ശിഷ്യന്മാരുടെ ചോദ്യങ്ങൾക്ക് തുടർച്ചയായി ഉത്തരം നൽകുകയായിരുന്നു. യെരുശലേമിനെ സൈന്യം വളയുന്നത് കാണുമ്പോൾ അവരോട് ഓടിപ്പോകുവാനായിരുന്നു അവൻ നിർദ്ദേശിച്ചത് (24:15–22). വിടുതൽ നൽകാമെന്ന് വാഗ്ദാനം ചെയ്യുന്ന "കള്ള ക്രിസ്തുക്കളെ" ശ്രദ്ധിക്കരുത് എന്നും അവൻ പറഞ്ഞു (24:23–28). പിന്നെ അവൻ മനുഷ്യ പുത്രന്റെ അടയാളത്തെക്കുറിച്ചും (24:29–31) നാശ സമയത്തെക്കുറിച്ചും പറഞ്ഞു (24:32–35).

### "ശൂന്യമാക്കുന്ന മ്ലേച്ഛത കാണുമ്പോൾ ഓടുക" (24:15-22)

**15"എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതു പോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്ത് നിൽക്കുന്നതു നിങ്ങൾ കാണുമ്പോൾ (വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ), 16അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്കു ഓടിപ്പോകട്ടെ. 17വീട്ടിന്മേൽ ഇരിക്കുന്നവൻ വിട്ടിലുള്ളതു എടുക്കേണ്ടതിനു ഇറങ്ങരുത്; 18വയലിലുള്ളവൻ വസ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുതു. 19ആ കാലത്തു ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! 20എന്നാൽ നിങ്ങളുടെ ഓടിപ്പോക്കു ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ. 21ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം അന്നുണ്ടാകും. 22ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല; വ്രതന്മാർ നിമിത്തമോ ആ നാളുകൾ ചുരുങ്ങും."**

**വാക്യം 15.** ലോകാവസാനത്തിൽ **ശൂന്യമാക്കുന്ന മ്ലേച്ഛതകൾ വരുമെന്ന്** പലരും പഠിപ്പിക്കുന്നുണ്ട്. എങ്ങനെയായാലും, എപ്പോൾ അത് സംഭവിക്കും എന്നുള്ളതിനെ കുറിച്ച് നാം അതിശയിക്കേണ്ടതില്ല, അത് യെരുശലേമും ദൈവാലയവും നശിപ്പിക്കുമ്പോൾ സംഭവിക്കുമെന്നാണ് യേശു പ്രത്യേകമായി പറഞ്ഞത്. "*സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നതു കാണുമ്പോൾ* അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ" എന്ന് യേശു വ്യക്തമാക്കിയിരിക്കുന്നു (ലൂക്കൊ. 21:20; എംഫസിസ് ആഡഡ്). അതുകൊണ്ട് യെരുശലേമിൽ അന്ന് ജീവിച്ചിരിക്കുന്നവർക്ക് റോമൻ സൈന്യം സമീപിക്കുമ്പോൾ തിരിച്ചറിയാമായിരുന്നു.

"ശൂന്യമാക്കുന്ന മ്ലേച്ഛത" **ദാനിയേൽ പ്രവാചകനും** പ്രവചിച്ചിരുന്നു (ദാനി. 9:27; 11:31; 12:11). അവന്റെ വാക്കുകൾ ബി. സി., 168–ൽ, സെലൂഡ്സിന്റെ ഭരണ കാലത്ത്, ആന്റിയോക്കസ് IV എപ്പിഫാനസിന്റെ ദുഷ്പ്രവൃത്തികളെ മുന്നറിയിച്ചതിന്റെ നിറവേറലായിരുന്നു, അവൻ യെഹൂദ ദൈവാലയത്തിന്റെ മുമ്പിലുള്ള യാഗപീഠത്തിൽ സൂയസ് ദേവന്റെ ഒരു യാഗപീഠം പണിതു, പന്നിയെ ബലികഴിക്കയും ചെയ്തു.[1] ദാനിയേലിന്റെ വാക്കുകളിലെ മ്ലേച്ഛത

അവസാനം എ. ഡി. 70 ലെ യേരുശലേമിന്റെ വീഴ്ചയിൽ പൂർത്തിയാകുന്നു.

ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്തു നിൽക്കുമെന്ന് പറഞ്ഞിരിക്കുന്നത് ദൈവാലയത്തെ ഉദ്ദേശിച്ചാണ് (പ്രവൃ. 6:13; 21:28). യെരുശലേമിന്റെ നാശത്തിനു മുമ്പും, ആ സമയത്തും നടന്ന പല സംഭവങ്ങളും "ശൂന്യമാക്കുന്ന മ്ലേച്ഛത" ആയിരുന്നു. ദൈവാലയത്തിന്റെ അകത്തെ പ്രാകാരത്തിൽ ആയിരുന്നവരെ യെഹൂദ മതഭ്രാന്തന്മാർ കൊല്ലുന്നതിനെക്കുറിച്ചായിരിക്കാം അങ്ങനെ പറഞ്ഞത്.[2] ജോസെഫസ് പറഞ്ഞതനുസരിച്ച്, മഹാപുരോഹിതനായ ഹന്നാവ് അവരുടെ മദ്ധ്യേ നിന്നു പറഞ്ഞു, "തീർച്ചയായും വിശുദ്ധസ്ഥലത്തു പല മ്ലേച്ഛതകളും കാണുന്നതിനു മുമ്പ് മരിക്കുന്നതായിരിക്കും എനിക്കു നല്ലത്, അല്ലെങ്കിൽ രക്ത-ദാഹികളുടെ കാലുകൾ അവിടവിടെ ചവിട്ടുന്നത് എനിക്കു കാണേണ്ടിവരും."[3] ദൈവാലയത്തിന് തീ കൊടുത്ത് നശിപ്പിക്കുവാൻ ശ്രമിച്ച സമയത്ത്, ടൈറ്റസ് ദൈവാലയത്തിന്റെ വിശുദ്ധ സ്ഥലത്തു പ്രവേശിച്ചു.[4] അവന്റെ പടയാളികൾ വിശുദ്ധസ്ഥലത്തുണ്ടായിരുന്ന വസ്തുക്കളെല്ലാം റോമിലേക്ക് കൊണ്ടുപോയി; ആ സംഭവങ്ങളെല്ലാം ടൈറ്റസിന്റെ സ്മാരകങ്ങളാക്കി വിവരിച്ചിരിക്കുന്നു. വിജയാഘോഷമായി, റോമാക്കാർ പുറത്തെ പ്രാകാരത്തിൽ അവരുടേതായ ബലികഴിച്ച് യെഹൂദ ദൈവാലയത്തെ അശുദ്ധമാക്കി.[5] എങ്ങനെയായാലും, റോമാക്കാർ ദൈവാലയത്തെ അശുദ്ധമാക്കിയപ്പോഴേക്കും ക്രിസ്ത്യാനികൾക്ക് കൂടുതൽ പ്രയാസമായിരുന്നു (24:16).

താൽപര്യ പൂർവമായി മത്തായി **ഇടക്കുചേർത്ത ആ പ്രസ്താവന വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ** എന്നത് മർക്കൊസും പറഞ്ഞിരിക്കുന്നു (മർ. 13:14). സുവിശേഷ എഴുത്തുകാരിൽ ആശ്രയിക്കാം എന്നതാണ് ഈ സമാനതകൾ തെളിയിക്കുന്നത് - പരിശുദ്ധാത്മ നിയോഗ പ്രക്രിയ. "വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" എന്ന വെല്ലുവിളി വിശ്വാസികൾക്ക് ശരിയായ രീതിയിൽ പ്രവൃത്തിക്കുവാൻ കഴിയുന്നതായിരുന്നു (ദാനി. 12:10; വെളി. 13:18).

**വാക്യം 16. യെഹൂദ്യയിൽ** ഉള്ള വിശ്വാസികൾ എന്ത് പ്രവൃത്തിക്കണമെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. റോമൻ സൈന്യം യെരുശലേമിനെ വളഞ്ഞത് അവർ കാണുമ്പോൾ (ലൂക്കൊ. 21:20), അവർ പ്രാണ രക്ഷാർത്ഥം **മലകളിലേക്ക് ഓടി** പോകേണ്ടിയിരുന്നു. മലമ്പ്രദേശത്തു വെച്ച് യിസ്രായേൽ ജനത്തിനു പഴയ നിയമ കാലത്ത് ശത്രുക്കളെ തോൽപ്പിക്കുക പ്രയാസമായിരുന്നതുകൊണ്ട്, അവർ ഗുഹകളിലും പാറകളിലും ഒളിച്ചിരുന്നു (ന്യായാ. 6:2; 1 ശമു. 13:6; 1 രാജാ. 18:4; യെശ. 2:19, 21; യിരെ. 49:30; യെഹെ. 7:15, 16; 33:27 നോക്കുക). രണ്ടു നിയമങ്ങൾക്കിടക്കുള്ള കാലഘട്ടത്തിൽ, മക്കാബിയൻ പ്രക്ഷോഭത്തിൽ നിന്ന് ആളുകൾ ഓടി കുന്നുകളിലാണ് അഭയം തേടിയതു.[6] യേശു ആ സമയത്ത്, തന്റെ ശിഷ്യന്മാരോട് മലകളിലേക്കു ഓടിപോകുവാനാണ് പറഞ്ഞത്. ക്രെയിഗ് എസ്സ്. കീനർ ഈ മുന്നറിയിപ്പിനെ താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ പറയുന്നു: "ആ കാലത്തിലെ കഷ്ടങ്ങൾ വരുമ്പോൾ യാഥാർത്ഥ്യത്തോടുകൂടി. അതിൽ നിന്ന് രക്ഷപ്പെടുവാനാണ് തന്റെ അനുയായികളോട് യേശു മുന്നറിയിച്ചത്."[7]

സഭാ ചരിത്രകാരനായിരുന്ന യൂസേബിയസ്സ്, ക്രിസ്ത്യാനികൾ യെരുശലേമിൽ നിന്നു ഓടി യോർദ്ദാനപ്പുറമുള്ള പെല്ലയിൽ പോയി താമസിച്ചതായി പറയുന്നു.[8] ആ ഓടിപ്പോക്ക് റോമാക്കാർ യെരുശലേമിനെ ഉപരോധിച്ചപ്പോൾ സംഭവിച്ചതായിട്ടാണ് എപ്പിഫാനിയസ് പറഞ്ഞത്.[9] എങ്ങനെയായാലും, ചില പണ്ഡിതന്മാർ പെല്ലാ പാരമ്പര്യത്തെ എതിർക്കുന്നുണ്ട്.[10] എന്നാൽ, യേശു

വിൻെറ വാക്കുകൾ അവന്റെ രണ്ടാം വരവിനെയല്ല സൂചിപ്പിക്കുന്നത്, കാരണം രണ്ടാം വരവിൽ ആർക്കും ഓടുവാൻ സാദ്ധ്യമല്ല.

**വാക്യം 17**. ആരെങ്കിലും **വീട്ടിന്മേൽ** ഇരിക്കുമ്പോൾ, ശൂന്യമാക്കുന്ന മ്ലേച്ഛതയോ അല്ലെങ്കിൽ സൈന്യം യെരുശലേമിനെ വളയുന്നതോ കാണുമ്പോൾ, **വീട്ടിലുള്ളത് എടുക്കുവാൻ** [ഇറങ്ങരുത്] എന്നാണ് യേശു പറഞ്ഞത്. പാലസ്തീനിലെ വീടുകളുടെ മേൽക്കൂര പരന്നതായിരുന്നു. മേൽക്കൂര ധാന്യങ്ങൾ ഉണക്കുവാനും (യോശു. 2:6), വിശ്രമിക്കുവാനും (1 ശമു. 9:25), നോക്കുന്നതിനും (യെശ. 22:1), പ്രാർത്ഥിക്കുന്നതിനും (പ്രവൃ. 10:9) ഉപയോഗിച്ചിരുന്നു. വേനൽക്കാലത്ത്, പ്രത്യേകിച്ച് രാത്രി കാലങ്ങളിൽ തണുത്ത കാറ്റ് മുകളിൽ ലഭിക്കുമായിരുന്നു കോണി മൂലമോ അല്ലെങ്കിൽ വീട്ടിനു പുറത്തുള്ള പടികളിൽ കൂടെയോ മുകളിൽ കയറുകയായിരുന്നു പതിവ് യേശു പറഞ്ഞത് ആ സമയത്ത് വീട്ടിലുള്ളത് പെറുക്കി എടുക്കുവാൻ അകത്ത് ഇറങ്ങരുത് എന്നാണ്. അതിന് സമയമില്ലായിരുന്നു, കൂടാതെ കൂടുതൽ ബാഗുമായി ഓടുവാനും പ്രയാസമായിരുന്നു. താഴേക്ക് ഇറങ്ങുന്നതിനു പകരം ഒരു വീട്ടിന്റെ മുകളിൽനിന്ന് മറ്റൊരു വീട്ടിന്റെ മുകളിലേക്ക് ചാടിച്ചാടി പെട്ടെന്ന് പോകുവാനും കഴിയുമായിരുന്നു.[11]

**വാക്യം 18**. അതു പോലെ, യേശു പറഞ്ഞു, **"വയലിലുള്ളവൻ വസ്ത്രം എടുപ്പാൻ മടങ്ങിപ്പോകരുത്."** പുരാതന ആളുകൾ നഗര മതിലുകൾക്കുള്ളിലായിരുന്നു താമസിച്ചിരുന്നത്. എന്നാൽ, പകൽ സമയത്ത് അവർ വയലിൽ പോയി ജോലി ചെയ്തിരുന്നു. ഒരാൾ തന്റെ "വസ്ത്രം" (*ഹിമേഷൻ*) അല്ലെങ്കിൽ "ബാഹ്യവസ്ത്രം" വീട്ടിൽ വെച്ചിട്ടായിരിക്കും ജോലിക്കു പോകുക. തണുപ്പുള്ള കാലാവസ്ഥയിൽ ആ വസ്ത്രം അത്യാവശ്യമാണ്, പിന്നെ പുറത്ത് കിടന്നുറങ്ങുന്നവർക്ക് പുതക്കുവാനും അത് ഉപയോഗിക്കും (ആവ. 24:13; മത്താ 5:40). ഈ പ്രബോധനവും, വാക്യം 17 ലേതും സൂചിപ്പിക്കുന്നത്, അടിസ്ഥാന ആവശ്യങ്ങളേക്കാൾ ജീവനാണ് പ്രധാനം എന്നാണ്.[12] ഒരാൾക്ക് തന്റെ വസ്ത്രവും മറ്റെല്ലാം കൈമാറാം, എന്നാൽ ജീവൻ കൈമാറുവാൻ സാദ്ധ്യമല്ല.

**വാക്യം 19**. ഈ ഓടിപ്പോക്ക് പ്രത്യേകിച്ച് **ഗർഭിണികളായ** സ്ത്രീകൾക്കും **മുലകുടിപ്പിക്കുന്ന**വർക്കും പ്രയാസമേറിയതാണ്. അങ്ങനെയുള്ള സ്ത്രീകൾക്ക് മലയിൽകൂടെ പെട്ടെന്ന് ഓടുവാൻ പ്രയാസമാണ്, അവർക്ക് രോഗ സാദ്ധ്യത ഏറുകയും ചെയ്യും. അതുകൊണ്ട്, അവരെ എളുപ്പത്തിൽ റോമൻ സൈന്യത്തിന് പിടിക്കുവാനും കഴിയും. ഗർഭിണികൾ ഓടുമ്പോൾ ഗർഭം അലസുവാനും, മുലകുടിപ്പിക്കുന്നവർക്ക് അവരുടെ കണ്ണിൽ മരണം കാണുവാനും ഇടയാകും.

പ്രക്ഷുബ്ധമായ ഈ അവസരത്തിൽ ഇങ്ങനെയുള്ള യെഹൂദ സ്ത്രീകൾ നഗരത്തിൽ ഉണ്ടായിരുന്നു. ക്രൂശിലേക്കുള്ള യാത്രയിൽ, യേശു യെരുശലേം പുത്രിമാരോട് പറഞ്ഞു, " 'മച്ചികളും പ്രസവിക്കാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും ഭാഗ്യമുള്ളവ' എന്നു പറയുന്ന കാലം വരുന്നു" (ലൂക്കൊ. 23:29). അവൻ അത് യെരുശലേം ഉപരോധത്തേയും നാശത്തേയും മുൻകണ്ടു പറഞ്ഞതായിരുന്നു. ജോസെഫസ് ആ കാലത്തെക്കുറിച്ച് എഴുതി, "മുകളിലെ മുറികളെല്ലാം സ്ത്രീകളും കുട്ടികളും ക്ഷാമത്താൽ മരിച്ചുകൊണ്ടിരിക്കുന്നു."[13] ഒരമ്മ പട്ടിണി സഹിക്കുവാൻ കഴിയാതെ വന്നപ്പോൾ അവളുടെ കുഞ്ഞിനെത്തന്നെ കൊന്നു തിന്ന വിവരവും അവൻ പറഞ്ഞിരിക്കുന്നു.

**വാക്യം 20**. യേശു തുടർന്നു, **"നിങ്ങളുടെ ഓടിപ്പോക്ക് ശൈത്യകാലത്തോ**

**ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ.**" തണുത്ത കാലാവസ്ഥ കാരണം ശൈത്യകാലത്ത് ഓടിപ്പോക്ക് ദുഷ്കരമാണ്. ഒരു റബ്ബിയുടെ പ്രസ്താവന പറയുന്നത് റ്റാമുസ്സ് (ജൂൺ/ജൂലൈ) ചൂടുള്ളതും ടെബ്ബത്ത് (ഡിസംബർ/ജാനുവരി) തണുപ്പുള്ളതും, എന്നാൽ നിഷാൻ (മാർച്ച്/ഏപ്രിൽ) യാത്രക്ക് സുഖകരമായ കാലാവസ്ഥയുമാണ്.[15] ശൈത്യകാലത്ത്, തണുപ്പിനു പുറമേ പാലസ്തീനിൽ ഇടക്ക് എളുപ്പത്തിൽ ജലപ്രളയവും ഉണ്ടായേക്കും. വാർഡിസ് (ഉണങ്ങിയ നദിയോരം) ചെളിനിറഞ്ഞിരിക്കും, യോർദ്ദാന്റെ ജലനിരപ്പ് ഉയർന്നിരിക്കയും ചെയ്യും. ചില വഴികൾ ചളിയും കല്ലും ഉള്ളതാകയാൽ യാത്ര പ്രയാസകരമായിരിക്കും, കൂടാതെ കുന്നുകളിൽ നിന്ന് ജലം കുത്തിയൊഴുകി വഴിതന്നെ ഇല്ലാതായേക്കാം.[16]

യെഹൂദ ക്രിസ്ത്യാനികളെ സംബോധന ചെയ്ത മത്തായി മാത്രമാണ് സുവിശേഷ എഴുത്തുകാരിൽ ശബ്ബത്തിലുള്ള യാത്രയുടെ വിഷമം പറഞ്ഞിരിക്കുന്നത്. പല ക്രിസ്ത്യാനികളും ആ ദിവസം യാത്ര ചെയ്യുവാൻ ആഗ്രഹിച്ചിരുന്നില്ല കാരണം അവർ അപ്പോഴും ന്യായപ്രമാണം അനുസരിച്ചിരുന്നു (പ്രവൃ. 15:1; 21:17, 20). പാരമ്പര്യമനുസരിച്ച്, യെഹൂദന്മാർ ശബ്ബത്തിൽ $^3/_4$ മൈലിൽ താഴെ മാത്രമേ സഞ്ചരിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നുള്ളു (പ്രവൃ. 1:12).[17] നെഹെമ്യാവിന്റെ കാലത്തേതുപോലെ വാതിലുകൾ അടച്ചിരിക്കുകയാണെങ്കിൽ ശബ്ബത്തിൽ ക്രിസ്ത്യാനികൾക്ക് പുറത്തുപോകുക പ്രയാസമായിരിക്കുമെന്ന് ചിലർ പറയുന്നു (നെഹെ. 13:19–22). ശബ്ബത്തിൽ കടകൾ അടച്ചിരിക്കയാൽ, വിശ്വാസികൾക്ക് പോയി അപ്പമോ മറ്റോ വാങ്ങുവാൻ കഴിയുമായിരുന്നില്ല. അതിലുപരി അവിശ്വാസികളായ യെഹൂദന്മാർ യെരുശലേമിലും മറ്റു സ്ഥലങ്ങളിലും വെച്ച് ക്രിസ്ത്യാനികളെ ഉപദ്രവവിക്കുവാനും സാദ്ധ്യതയുണ്ട്.

**വാക്യം 21.** പിന്നെ യേശു ഒരു **വലിയ ഉപദ്രവത്തെ** മുന്നറിയിച്ചു. ഇത് ഭൂമിയിൽ "അവസാന നാളുകളിൽ" സംഭവിപ്പാനുള്ള ഉപദ്രവമായിരുന്നില്ല. മറിച്ച്, റോമൻ സൈന്യാധിപനായിരുന്ന ടൈറ്റസിന്റെ ഉപരോധവും അതിനെ തുടർന്നുണ്ടായ അക്രമവും നിമിത്തം യെരുശലേം നിവാസികൾക്ക് ഉണ്ടാകുവാനിരുന്ന ഉപദ്രവമായിരുന്നു അത്.

ആ നാശത്തെക്കുറിച്ച് കർത്താവ് പറഞ്ഞത്, "**ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനി മേൽ സംഭവിക്കാത്തതും**" ആയ കഷ്ടം എന്നാണ്. നോഹയുടെ കാലത്തുണ്ടായ ജലപ്രളയത്തെക്കാൾ അല്ലെങ്കിൽ മോശയുടെ കാലത്ത് സംഭവിച്ച പത്ത് ബാധകളെക്കാൾ മോശമായിരുന്നോ യെരുശലേമിൽ സംഭവിച്ചത്? ഭാവിയിൽ സംഭവിപ്പാനുള്ള ഏതൊരു യുദ്ധത്തെക്കാളും കഷ്ടമേറിയതായിരുന്നോ? ഈ ഭാഷ വർഗ്ഗ സംമ്പന്ധിയായ അതിശയോക്തിയായിട്ടുവേണം മനസിലാക്കുവാൻ (യിരെ 30:7; ദാനി. 12:1; യോവേ. 2:2). ഇതു പറയുമ്പോൾ യെരുശലേം നാശത്തെ കുറച്ച് കാണിക്കുന്നു എന്ന് കരുതരുത്, അത് ന്യായവിധിയുടെ മുൻ നിഴലാണ്.

ഈ സംഭവങ്ങളിലെ ദൃക്സാക്ഷിയായിരുന്ന ജോസെഫസ്, ആ നാശത്തെ ഈ വാക്കുകളാൽ പറഞ്ഞിരിക്കുന്നു:

> എനിക്കു തോന്നുന്നത്, ലോകം ആരംഭിക്കുന്നതു മുതൽ ഉണ്ടാകുവാൻ ഇടയില്ലാത്ത നിർഭാഗ്യകരമായ അവസ്ഥയായിരുന്നു അത്. യെഹൂദന്മാർക്ക് സംഭവിച്ചത് താരതമ്യം ചെയ്താൽ, അതിന് പരിഗണിക്കാവുന്ന മറ്റൊന്ന് ഇല്ലായിരുന്നു.[18]

അത്തരം കുഴപ്പം മറ്റൊരു പട്ടണത്തിലും ഒരിക്കലും ... ലോകാരംഭം മുതൽ ഉണ്ടായിട്ടില്ല.[19]

അന്നുണ്ടായിരുന്ന പുരുഷാരം എല്ലാ നാശത്തിനും ഇരയായി തീർന്നത് നാം നോക്കുമ്പോൾ മനുഷ്യരാലോ ദൈവത്താലോ ഒരിക്കലും ഉണ്ടായിട്ടില്ല.[20]

ഉപരോധത്തിലും യെരുശലേം നാശത്തിലുമായി, 1,100,000 പേർ മരിച്ചുപോയതായും, 97,000 പേരെ പ്രവാസികളായി കൊണ്ടുപോയതായും അയാൾ അവകാശപ്പെട്ടിരുന്നു. അവരിൽ അധികം പേരും പെസഹാ പെരുന്നാൾ ആഘോഷിക്കുവാൻ വന്ന യെഹൂദരായിരുന്നു, എന്നാൽ ശേഷമുള്ളവർ യെരുശലേം നിവാസികളുമായിരുന്നു.[21]

**വാക്യം 22**. യേശു പറഞ്ഞു, "**ആ നാളുകൾ ചുരുങ്ങാതിരുന്നാൽ, ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല**." റോമാക്കാർ യെരുശലേം വളഞ്ഞിരുന്നുവെങ്കിലും, ആക്രമണം കുറച്ചു നാളത്തേക്കു മാത്രമാണുണ്ടായിരുന്നത്, ആക്രമണം ഏപ്രിൽ മുതൽ സെപ്തംബർ വരെയായിരുന്നു. ഉപരോധം ചുരുക്കിയത് **തിരഞ്ഞെടുക്കപ്പെട്ടവർക്കായിരുന്നു**. "തിരഞ്ഞെടുക്കപ്പെടുന്നവർ" എന്നു പറയുന്നത് ക്രിസ്ത്യാനികളായിരുന്നു (22:14 ന്റെ പരാമർശം നോക്കുക). ലിയോൺ മോറിസ് ഈ അഭിപ്രായം പറഞ്ഞിരിക്കുന്നു: "ദൈവജനം അവർക്കു ചുറ്റുമുള്ള ആളുകൾക്ക് അൽപം കരുണ കൊണ്ടുവന്നിരിക്കുന്നു; എന്നാൽ മാനസാന്തരപ്പെടാത്തവർക്ക് അവസാനം രക്ഷ ആസ്വദിക്കുവാൻ കഴിയുകയില്ല, പക്ഷെ അവരുടെ സമൂഹത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ ഉള്ളതിനാൽ അവർക്ക് ചില നന്മകൾ അനുഭവിക്കുവാൻ കഴിയും."[22] യേശുവിന്റെ നിർദ്ദേശങ്ങൾ മനസിലാക്കിയതുകൊണ്ട്, ഒരു ക്രിസ്ത്യാനിപോലും മരിച്ചില്ല എന്ന് പ്രാരംഭ സഭാ ചരിത്രകാരന്മാർ പറയുന്നു.[23]

## "കള്ളക്രിസ്തുക്കളെ വിശ്വസിക്കരുത്" (24:23-28)

**23"അന്നു ആരാനും നിങ്ങളോട് 'ഇതാ ക്രിസ്തു ഇവിടെ, അല്ല അവിടെ' എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. 24കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ, വ്രതന്മാരെയും തെറ്റിപ്പാനായി വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. 25ഓർത്തുകൊൾവിൻ, ഞാൻ മുമ്പുകൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു. 26ആകയാൽ നിങ്ങളോട് 'അതാ, അവൻ മരുഭൂമിയിൽ' എന്നു പറഞ്ഞാൽ, പുറപ്പെടരുത്; 'ഇതാ അറകളിൽ' എന്നു പറഞ്ഞാൽ വിശ്വസിക്കരുത്. 27മിന്നൽ കിഴക്ക് നിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങും പോലെ മനുഷ്യപുത്രന്റെ വരവു ആകും. 28ശവം ഉള്ളേടത്ത് കഴുക്കൾ കൂടും."**

**വാക്യം 23**. യെരുശലേം നാശത്തിനിടയിൽ താൻ വരികയില്ല എന്നു കർത്താവ് വ്യക്തമാക്കിയിരുന്നു. മശിഹാ നാട്യക്കാർ ആ സമയത്ത് വന്ന്, യെഹൂദ ജനങ്ങൾക്ക് വിടുതൽ വാഗ്ദാനം ചെയ്യും. എങ്ങനെയായാലും, അത്തരം കേട്ടുകേൾവികൾ ക്രിസ്തുവിന്റെ അനുയായികൾ വിശ്വസിക്കരു

തായിരുന്നു. "**ഇതാ ക്രിസ്തു ഇവിടെ**" എന്നോ അല്ലെങ്കിൽ "**അതാ, അവിടെ**" എന്നോ അവർ പറയും. ആ വിവരം തെറ്റായ ആശയുടെ ഫലമായിരുന്നു, വാസ്തവത്തിലുള്ളതായിരുന്നില്ല. അത്തരം നുണകളെ കാര്യമാക്കരുത് എന്നാണ് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്. **"അവനെ വിശ്വസിക്കരുത്"** എന്ന കൽപന വാക്യം 26 ലും ആവർത്തിച്ചിരിക്കുന്നു, "അവരെ വിശ്വസിക്കരുത്."

**വാക്യം 24. കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും** വരുന്നത് **വലിയ അടയാളങ്ങളാലും അത്ഭുതങ്ങളാലും** ആയിരിക്കും, അത് ആളുകളെ വഞ്ചിക്കുന്നതിനാണ്, ശമര്യക്കാരുടെ ഇടയിൽ ആഭിചാരക്കാരനായിരുന്ന ശിമോൻ ചെയ്തതുപോലെ (പ്രവൃ. 8:9–11). ആ അത്ഭുതങ്ങളും അടയാളങ്ങളും പ്രചോദിപ്പിക്കുന്നതും ... തിരഞ്ഞെടുക്കപ്പെട്ട ക്രിസ്ത്യാനികളെ തെറ്റിക്കുന്നതുമായിരിക്കും.

**വാക്യം 25**. യേശു വാഗ്ദാനം ചെയ്തു, "**ഞാൻ മുമ്പ്കൂട്ടി നിങ്ങളോട് പറഞ്ഞിരിക്കുന്നു.**" അവർ ഒരുങ്ങുവാനായി പലപ്പോഴും തന്റെ ശിഷ്യന്മാരെ അവൻ മുന്നറിയിച്ചിരുന്നു (10:16–39; 16:21; 17:22, 23; 20:17–19; 26:1, 2). വിഷമസന്ധിയിലും അവർ വിശ്വസ്തരായി നിലനിൽക്കുവാനായിരുന്നു അവൻ അങ്ങനെ ചെയ്തത്.

**വാക്യം 26. ക്രിസ്തു മരുഭൂമിയിലാണെന്ന്** പറഞ്ഞാൽ വിശ്വസിക്കരുത് എന്ന് യേശു തന്റെ ശിഷ്യന്മാരോട് നിർദ്ദേശിച്ചിരുന്നു. ജോസെഫസ് പറഞ്ഞതനുസരിച്ച്, നഗരം നശിപ്പിക്കുന്നതിന് ഇരുപതു വർഷങ്ങൾക്കുള്ളിൽ യെരുശലേമിൽ അനേകം കള്ളപ്രവാചകന്മാരുണ്ടായിരുന്നു (പാലസ്തീനിലും). ആളുകൾ അവരെ പിൻപറ്റി മരുഭൂമിയിലേക്ക് പോകുവാൻ പ്രേരിപ്പിച്ചു എന്നാണ് പറഞ്ഞത്, അവർ ദൈവത്തിൽനിന്നുള്ളവരാണെന്ന് തെളിയിക്കുവാൻ അത്ഭുത പ്രവർത്തികളും കാണിച്ചു.[24]

ആളുകൾ പൊതുവിൽ വിചാരിച്ചത് മശിഹ മരുഭൂമിയിൽ വരും എന്നായിരുന്നു (പ്രവൃ. 21:38 നോക്കുക). ആ പ്രചാരം നിമിത്തമായിരിക്കാം അനേകം പേർ മരുഭൂമിയിൽ യോഹന്നാൻസ്നാപകന്റെ അടുക്കലേക്ക് ഓടി കൂടിയതും, അവൻ ക്രിസ്തു ആണോ എന്ന് അവനോടു ചോദിച്ചതും (3:1, 5; 11:7; യോഹ. 1:19–28). റിച്ചാർഡ് ഏ. ഹോഴ്സ്ലേയും ജോൺ എസ്, ഹാൻസണും എഴുതി,

> അസംഖ്യം ആളുകൾ, ശ്വാസിയരെന്നു ബോധ്യമാക്കി അത്ഭുതങ്ങൾ പ്രവർത്തിച്ചതിനാൽ, തങ്ങളുടെ ജോലിയും, ദൈവവേലയും ഒക്കെ ഉപേക്ഷിച്ച് ആ കരിസ്മാറ്റിക് നേതാക്കളെ പിൻപറ്റി മരുഭൂമിയിലേക്ക് പോയി. മുൻകാലങ്ങളിലെല്ലാം വീണ്ടെടുപ്പ് വാഗ്ദാനങ്ങളുടെയെല്ലാം അടയാളങ്ങൾ നടന്നിരുന്നത് മരുഭൂമിയിലായിരുന്നത് അവർക്ക് അറിയാമായിരുന്നു, ശുദ്ധീകരണത്തിന്റേയും, ഒരുക്കത്തിന്റേയും, പുതുക്കത്തിന്റേയും സ്ഥലമായിരുന്നു മരുഭൂമി.[25]

റബ്ബിമാരുടെ സാഹിത്യത്തിൽ, രണ്ടാമത്തെ മോശെ വരുവാൻ പോകുന്നത് ഒന്നുകിൽ യെഹൂദ്യാ മരുഭൂമിയിൽ അല്ലെങ്കിൽ ട്രാൻസ്ജോർദാനിലാണ് എന്ന് മിഷ്നായിൽ വരച്ചു കാണിച്ചിരിക്കുന്നു.[26]

യേശു തന്റെ അനുയായികളോട് പറഞ്ഞു, "**പുറപ്പെട്ടു പോകരുത്.**" അവൻ പറഞ്ഞത് "കള്ളമശിഹമാരെ പിൻപറ്റി മരുഭൂമിയിലേക്ക് പോകരുത്" എന്നാണ്. അതുപോലെയുള്ള വേദഭാഗത്ത്, യേശു പറഞ്ഞു, "നിങ്ങൾ പോ

കരുത്; പിൻചെല്ലുകയുമരുത്" (ലൂക്കൊ. 17:23).

മരുഭൂമിക്കു പുറമെ, ആ നാട്യക്കാർ അകത്തെ മുറികളിലും പ്രത്യക്ഷ രാകും എന്ന് യേശു പറഞ്ഞു. **അകത്തെ മുറികൾ,** രഹസ്യവും, ഭദ്രവുമാക യാൽ, പൊതുജനങ്ങൾ അറിയാതെ കഴിയുന്നത് അവിടെയായിരിക്കും. ഇതേ ഗ്രീക്ക് വാക്ക് (*ടാമെയിയോൺ*) മത്തായിയിൽ മുൻപു വന്നിട്ടുണ്ട്, സ്വർഗീയ പിതാവിനോട് രഹസ്യമായി പ്രാർത്ഥിക്കുന്ന അറകളായിരുന്നു അവ (6:6 ന്റെ പരാമർശങ്ങൾ നോക്കുക).

**വാക്യം 27**. കള്ളപ്രവാചകന്മാരുടെ വഞ്ചനാത്മകമായ അത്ഭുതങ്ങളിൽ നി ന്നു വ്യത്യസ്തമായി യേശു തന്റെ രണ്ടാം വരവിന്റെ വാസ്തവത്തിലുള്ള വിവ രണം നൽകിയിരിക്കുന്നു. "**മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങും പോലെ, മനുഷ്യപുത്രന്റെ വരവ് ആകും**." അവന്റെ "വരവ്" (*പരൗ സിയ*) രഹസ്യത്തിലോ, ഇരുണ്ടസ്ഥലത്തോ ആയിരിക്കുകയില്ല, എല്ലാവരും കാണത്തക്കവണ്ണമായിരിക്കും. അത് മിന്നൽ ആകാശത്ത് പ്രകാശിക്കുന്നതുപോ ലെ പെട്ടെന്നായിരിക്കും (ലൂക്കൊ. 17:24). യോഹന്നാൻ എഴുതി, "ഇതാ മേഘാ രൂഢനായി അവൻ വരുന്നു; ഏതു കണ്ണും അവനെ കാണും" (വെളി. 1:7). ആ പ്രസ്താവന യേശു മത്തായി 24:30–ൽ മുന്നറിയിച്ചതുപോലെയുള്ളതാണ്.

**വാക്യം 28**. ഒരു പുരാതന പഴഞ്ചൊല്ല് പോലെ, യേശുവിന്റെ വരവിനെ കുറിച്ചു മുന്നറിയിച്ചത് അടിവരയിട്ടതു തന്നെയായിരുന്നു: "**ശവമുള്ളേടത്ത് കഴുക്കൾ കൂടും**" (ലൂക്കൊ. 17:37 നോക്കുക). പരുന്ത്/കഴുകനെ കുറിച്ച് അതേ പ്രസ്താവന ഇയ്യോബ് 39:30–ൽ കാണാം: " 'പട്ടുപോയവർ എവിടേ യോ, അവിടെ കഴുകൻ ഉണ്ട്.' " എബ്രായ വാക്ക് (*നേഷർ*) ഉം ഗ്രീക്ക് വാക്ക് (*എയെടോസു*) ഉം "പരുന്ത്," അല്ലെങ്കിൽ "കഴുകൻ" എന്നു തർജിമ ചെയ്യാം.

"ശവം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*പ്ടോമാ*) അക്രമത്താൽ കൊല്ലപ്പെട്ട ശരീരത്തെയാണ് പറയുന്നത് (14:12 ന്റെ പരാമർശം നോക്കുക). യുദ്ധങ്ങളിൽ മരിച്ചു വീഴുന്ന മൃതദേഹങ്ങൾ പലപ്പോഴും നായ്ക്കളും പക്ഷികളും വലിച്ചു കീറുന്ന ഭയങ്കരമായ അവസ്ഥയെ കുറിച്ച് പുരാതന പുസ്തകങ്ങൾ പറയുന്ന തായി കീനർ എഴുതിയിരിക്കുന്നു.[27] വാക്യം 28 നെ സമാന്തരപ്രയോഗമായി ഡൊണാൾഡ് ഏ. ഹാഗ്നെർ ഇപ്രകാരം പറയുന്നു: "കഴുകന്മാർ കൂടുന്നേടത്ത് ശവം നിങ്ങൾക്ക് കാണുവാൻ കഴിയുന്നത് തീർച്ചയുള്ളതുപോലെ, മനുഷ്യപു ത്രന്റെ വരവും അവ്വണ്ണം തന്നെ."[28]

വാക്യം 28 ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചു പറയുന്നു എന്നതി നുപകരം ചില പണ്ഡിതന്മാർ അതിനെ വ്യാഖ്യാനിക്കുന്നത്, ദൃഷ്ടാന്തപര മായിട്ടാണ്. അവസാനം യിസ്രായേൽ ദേശത്തിനു സംഭവിക്കുവാനിരിക്കുന്ന നാശത്തെ ആണ് "ശവം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നാണ് അവർ പറയുന്നത്. എന്നാൽ "കഴുകന്മാർ" എന്തിനെ പ്രതിനിധീകരിക്കുന്നു എന്ന് പറയുന്നുമില്ല. അത് നിരാശ്രയരായ യെരുശലേമിലെ ജനങ്ങളെ പ്രതിനിധീ കരിക്കുന്നതാകാം കഴുകന്മാർ. കഴുകന്റെ നിലവാരത്തിലായിരുന്ന റോമാ സൈന്യം ആണ് "കഴുകന്മാർ" എന്നു പറയാവുന്നതാണ്. മറ്റൊരു സാധ്യത എന്തെന്നാൽ, യെരുശലേം നശിപ്പിക്കപ്പെട്ടപ്പോൾ, ചുറ്റുമുണ്ടായിരുന്ന കൊള്ള ക്കാരും കവർച്ചക്കാരും ഓടിക്കൂടിയതിനെ പ്രതിനിധീകരിക്കുന്നതുമാകാം. ആ വ്യാഖ്യാനങ്ങൾ ഒന്നും അസാധ്യമല്ലെങ്കിലും, പ്രായോഗിക സാധ്യത കുറവാണ്.

## “മനുഷ്യപുത്രന്റെ വരവിന്റെ അടയാളം” (24:29-31)

**29 “ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ സൂര്യൻ ഇരുണ്ടുപോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും; നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും; ആകാശത്തിലെ ശക്തികൾ ഇളകി പോകും, 30 അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചുകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാ ശക്തിയോടും തേജസോടും കൂടെ വരുന്നതു കാണും. 31 അവൻ തന്റെ ദൂതന്മാരെ മഹാ കാഹളധ്വനിയോടുകൂടെ അയക്കും; അവർ അവന്റെ വ്രതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതിവരെയും നാലു ദിക്കിൽനിന്നു കൂട്ടിച്ചേർക്കും.”**

24:29–31 ലെ യെരുശലേമിന്റെ പതനത്തെ നാം വെളിപ്പാട് രൂപത്തിലാണോ വിവരിക്കേണ്ടത്? ആ കാഴ്ച്ചപ്പാട് എടുത്തിരിക്കുന്നവർ പറയുന്നത് യെരുശലേമിന്റെ പതനസമയത്തുണ്ടായ കഷ്ടതയും നാശവും ആലങ്കാരിക കഷ്ടതയെയാണ് സൂചിപ്പിക്കുന്നതെന്നാണ്. ബാബിലോണിന്റെ വീഴ്ച്ചയെയും (യെശ. 13:10, 19), ഏദോമിന്റെ വീഴ്ച്ചയെയും (യെശ. 34:4), മിസ്രയിമിനെ ഞെരുക്കിയതും (യെഹെ. 32:7, 8) വിവരിച്ചിരിക്കുന്നതിൽ ഒരേ വെളിപ്പാട് ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വേദഭാഗം ക്രിസ്തുവിന്റെ രണ്ടാം വരവിനോട് ബന്ധിപ്പിക്കേണ്ട ആവശ്യമില്ല എന്നാണ് ആ കാഴ്ച്ചപ്പാടുകാർ പറയുന്നത്. അതിനു പുറമെ, ആ വാക്യം പറയുന്നത് യെരുശലേമിന്റെ വീഴ്ച്ചയെയാണ്, വാക്യം 34 ലെ ചിന്തയാണ് അവിടെ തുടരുന്നത്, അവിടെ യെരുശലേമിന്റെ പതനവും ക്രിസ്തുവിന്റെ മടങ്ങിവരവും സ്വാഭാവികമായി വേർതിരിച്ചിരിക്കുകയാണ്.

എന്നിരുന്നാലും, 24:29–31 ക്രിസ്തുവിന്റെ രണ്ടാം വരവുമായി ബന്ധപ്പെടുത്തി കൂടുതൽ കാര്യങ്ങൾ പറയുന്നുണ്ട്. മുൻ വാക്യങ്ങളിലേതുപോലെ (24:27, 28), തന്റെ വരവ് ആരും അറിയാതിരിക്കുകയില്ല എന്ന് യേശു വ്യക്തമാക്കി; അത് എല്ലാവരും കാണും. കൂടാതെ, “ദൂതന്മാർ,” “മഹാ കാഹളം,” “കൂട്ടിച്ചേർക്കും” എന്നിവ ക്രിസ്തുവിന്റെ വരവിൽ ഉൾപ്പെട്ടിരിക്കുന്നതായി മറ്റു വേദഭാഗങ്ങളിൽ വിവരിച്ചിരിക്കുന്നു. തെറ്റായ വിവരങ്ങളിൽനിന്നു വ്യത്യസ്തമായി അവർ മശിഹ വരുമ്പോൾ ഇതെല്ലാം കേൾക്കും. തന്റെ ശിഷ്യന്മാർ സത്യം അറിയണമെന്ന് യേശു ആഗ്രഹിച്ചു.

**വാക്യം 29. ഉടനെ** (*എയുതേയോസ്*) എന്ന ക്രിയാവിശേഷണം ബുദ്ധിമുട്ടുളവാക്കുന്നതാണ്. തീർച്ചയായും, ആ വാക്യങ്ങളിലെ സംഭവങ്ങൾ (**സൂര്യൻ** ഇരുണ്ടുപോകയും **ചന്ദ്രൻ** പ്രകാശം കൊടുക്കാതിരിക്കുകയും, **നക്ഷത്രങ്ങൾ** വീണുപോകയും ചെയ്യും) യെരുശലേം **ഉപദ്രവിക്കപ്പെട്ടപ്പോൾ** അക്ഷരികമായി സംഭവിച്ചില്ല. അതിലുപരിയായി, ക്രിസ്തു ആ സമയത്ത് മടങ്ങി വന്നില്ല, അവൻ ഇപ്പോഴും വന്നിട്ടില്ല - രണ്ടായിരം വർഷത്തിലധികം കഴിഞ്ഞിരിക്കുന്നു.

നിരവധി പോയിന്റുകൾ പരിഗണിക്കുവാനുണ്ട്: (1) വാക്യം 36 ന്റെ വെളിച്ചത്തിലായിരിക്കണം “ഉടനെ” എന്നതു വ്യാഖ്യാനിക്കേണ്ടത്, അവൻ വരുന്ന സമയം “പിതാവ് ഒഴിച്ച്” “ആരും അറിയുന്നില്ല” എന്നാണ് അവിടെ യേശു

പറഞ്ഞത്. ഇതിനർത്ഥം, വാക്യം 29 ലെ സംഭവങ്ങൾക്ക് കൃത്യമായ-സമയം അവൻ നൽകിയിട്ടില്ല എന്നാണ്. (2) ഈ വാക്യത്തിലുള്ളത് വെളിപ്പാട് ഭാവ നയാണ്, അത് ഒരുപക്ഷെ അക്ഷരികമായി എടുക്കാവുന്നതായിരിക്കയില്ല. അതിനുള്ള ഉദാഹരണം പ്രവൃത്തികൾ 2:15–21–ൽ കാണാം. ആ ഭാഗത്ത് പ ത്രൊസ് യോവേലിന്റെ പ്രവചനമാണ് പറയുന്നത് – അതിൽ ഇതേ ഭാവനയാ ണുള്ളത് – പെന്തെകൊസ്തുനാളിൽ അത് നിറവേറുകയും ചെയ്തു. സൂര്യൻ അക്ഷരികമായി ഇരുണ്ടുപോയില്ലെങ്കിലും, ചന്ദൻ അക്ഷരികമായി രക്തമായി മാറിയില്ലെങ്കിലും, നിറവേറി എന്നു പറയാം. (3) “ഉടനെ” എന്നത് “പ്രവചനപ രമായ ചുരുങ്ങിയ-സമയമാണ്.” ചിലപ്പോൾ, വ്യത്യസ്തമായ കാലയളവിൽ സംഭവിക്കേണ്ട രണ്ടു കാര്യങ്ങൾ പ്രവാചകന്മാർ യോജിപ്പിച്ച് പറഞ്ഞിട്ടുണ്ട്. ദൈവാലയം നശിപ്പിക്കുന്നതും ലോകാവസാനവും ഈ ഭാഗത്ത് യോജിപ്പിച്ചു പറഞ്ഞിരിക്കുന്നത് അതിനു വേദശാസ്ത്രപരമായ ബന്ധം ഉള്ളതുകൊണ്ടാണ്. രണ്ടിലും ദൈവ ജനത്തോടുള്ള സന്ദേശത്തിൽ ദൈവത്തിന്റെ ന്യായവിധിയും പ്രതികാരവും നടത്തുമെന്ന് വ്യക്തമാക്കുന്നു.[29]

**വാക്യം 30**. യേശുവിന്റെ ശിഷ്യന്മാർ ചോദിച്ചു, “നിന്റെ വരവിന്റെ *അട യാളം* എന്ത്?” (24:3; എംഫസിസ് ആഡഡ്). അവരുടെ ചോദ്യത്തിന് യേശു ഈ സമയത്താണ് ഉത്തരം നൽകിയത്: **മനുഷ്യപുത്രൻ വരുന്നതിന്റെ അട യാളം** അവന്റെ രണ്ടാം വരവ് തന്നെയാണ്. ദൈവം നിശ്ചയിച്ച സമയത്ത്, അപ്രതീക്ഷിതമായി പെട്ടെന്ന് ആയിരിക്കും അവന്റെ വരവ്. കള്ള മശിഹമാ രുടെ രഹസ്യത്തിലുള്ള അറയും മരുഭൂമിയും എന്നതിൽനിന്ന് വ്യത്യസ്ത മായി, അവന്റെ വരവ് എല്ലാവരും കാണുകയും കേൾക്കുകയും ചെയ്യും (മർ. 13:26; ലൂക്കൊ. 21:27; 1 തെസ്സ. 4:16; വെളി. 1:7). അവന്റെ വരവിൽ ഒരുങ്ങിയി ട്ടില്ലാത്ത ഭൂവാസികൾ **വിലപിക്കും. ഭൂമിയിലെ സകല ഗോത്രങ്ങളും** എന്നു പറഞ്ഞിരിക്കുന്നതിൽ, കർത്താവിന്റെ വരവിനായി കാത്തിരിക്കുകയും പ്രാ ർത്ഥിക്കുകയും ചെയ്യുന്നവർ ഉൾപ്പെടുന്നില്ല (1 കൊ. 16:22; 2 തിമൊ. 4:8). അവന്റെ വരവ് **വലിയ മഹത്വത്തിന്റേയും ശക്തിയുടേയും** പ്രദർശനമായി രിക്കും. **മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ വരുമെന്ന** ഭാവന ദാനിയേൽ 7:13, 14–ൽ നിന്നെടുത്തതാണ്, അവിടെ ക്രിസ്തുവിന്റെ അധികാരത്തെയും വാഴ്ച്ചയെയുമാണ് പറഞ്ഞിരിക്കുന്നത്.

**വാക്യം 31**. വരുവാനുള്ള ന്യായവിധിയെ മുന്നറിയിക്കുന്നതായിട്ടാണ് **മഹാ കാഹളധ്വനി** വ്യാഖ്യാനിച്ചിട്ടുള്ളത്; എങ്ങനെയായാലും, അപ്പോഴേക്കും ആളുകൾക്ക് മാനസാന്തരപ്പെടുവാനുള്ള അവസരം തീർന്നു പോയിരിക്കും. പകരം, കാഹളം നീതിമാന്മാരെ കൂട്ടിച്ചേർക്കുന്നതിനാണ് (യെശ. 27:13 നോക്കുക). “കാഹളനാദം കേൾക്കുകയും മരിച്ചവർ അക്ഷയരായി ഉയിർക്കു കയും ചെയ്യും” എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (1 കൊ. 15:52); “കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളനാദത്തോടും കൂടെ സ്വർഗത്തിൽനിന്നു ഇറങ്ങി വരികയും ക്രിസ്തു വിൽ മരിച്ചവർ മുമ്പെ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും” (1 തെസ്സ. 4:16).

“കാഹളം” എന്നതിനുള്ള ഗ്രീക്ക് വാക്ക് (*സാൽപിൻസ്*) സെപ്ത്വജിന്റിൽ ഉപയോഗിച്ചിരിക്കുന്നത് എബ്രായ വാക്കിൽ (*ഷോപാർ*) എന്നും (*ക്സോ ട്സ്രാഹ്*) എന്നും തർജിമ ചെയ്യാം. *ഷോപാർ* സാധാരണ ആടിന്റെ കൊമ്പി നെയാണ് പറയുന്നത്, എന്നാൽ ക്സോട്സ്രാഹ് സൂചിപ്പിക്കുന്നത് നീണ്ട ലോഹ ടൂബാണ്.[30] ഇവിടെ ഒരു ഉപകരണമാകാം ഉദ്ദേശിച്ചത്.

**തന്റെ ദൂതന്മാർ ... തനിക്കുള്ളവരെ കൂട്ടിച്ചേർക്കും** എന്നാണ് യേശു പറഞ്ഞത്. ദൂതന്മാരെ അയച്ച് ദൈവത്തിൽ വിശ്വസ്തരായ ആളുകളെ കൂട്ടിച്ചേർക്കുവാനുള്ള അധികാരം ഉണ്ട് എന്നത് അവന്റെ ദൈവികത്വത്തെ ഉറപ്പിക്കുന്നതാണ്. ലോകാവസാനം, നീതിമാന്മാരേയും, ദുഷ്ടന്മാരേയും വേർതിരിക്കുവാൻ താൻ ഏജന്റുമാരെ അയക്കും എന്നായിരുന്നു കളയുടേയും വലയുടേയും ഉപമകളിൽ യേശു പറഞ്ഞത് (13:41, 42, 49, 50).

ഭൂമിയുടെ നാലു കോണുകളിൽനിന്നും കൂട്ടിച്ചേർക്കുന്ന തിരഞ്ഞെടുക്കപ്പെടുന്നവർ തങ്ങളാണെന്ന് യെഹൂദന്മാർ വിശ്വസിച്ചിരുന്നു (ആവ. 30:4; യെശ. 11:12; 43:5; 49:5; 56:8).[31] ഷെമോനേ എസ്റേ എന്ന യെഹൂദ പ്രാർത്ഥനയിൽ അത് പ്രതിഫലിപ്പിച്ചിരുന്നു (പതിനെട്ട് ആശിർവ്വാദങ്ങൾ). പത്താമത്തെ ആശിർവാദം പറയുന്നു "തന്റെ ജനമായ യിസ്രായേലിലെ ചിതറിപ്പോയവരെ വീണ്ടും ചേർക്കുന്ന കർത്താവേ, നീ വാഴ്ത്തപ്പെട്ടവൻ. പ്രവാസത്തിൽനിന്ന് അവരെ നാല് കോണുകളിൽനിന്നു കൂട്ടിച്ചേർത്ത് സ്വാതന്ത്ര്യം നൽകുന്ന കൊടി ഉയർത്തുകയും ചെയ്യുന്ന ഷോഫാർ ശബ്ദം ഞങ്ങളെ കോൾപ്പിക്കേണമേ." വാക്യം 31 ലെ "വ്രതന്മാർ" എന്നു പറഞ്ഞിരിക്കുന്നത് പഴയനിയമത്തിൻ കീഴിൽ ജിവിച്ച വിശ്വസ്തരായ യിസ്രായേല്യരായിരിക്കാം, എന്നാൽ തീർച്ചയായും പുതിയനിയമത്തിൻ കീഴിൽ വിശ്വസ്തരായി ജീവിക്കുന്ന ക്രിസ്ത്യാനികളും അതിൽ ഉൾപ്പെടുന്നു. ഈ അദ്ധ്യായത്തിൽ ആ വാക്ക് ക്രിസ്തുവിന്റെ അനുയായികളെ ഉദ്ദേശിച്ച് രണ്ട് പ്രാവശ്യം കൂടെ പറയുന്നുണ്ട് (24:22, 24).

ദൂതന്മാർ **നാലു കാറ്റുകളിൽനിന്നും** വ്രതന്മാരെ കൂട്ടിച്ചേർക്കും. പുരാതന കാലത്ത് ഭൂമിയെ മൊത്തത്തിൽ പറയുന്ന പ്രയോഗമാണ് അത്, കോമ്പസിന്റെ നാല് പോയന്റിനെയാണ് അത് സൂചിപ്പിക്കുന്നത് (യിരെ. 49:36; യെഹെ. 37:9; ദാനി. 7:2; 8:8; സെഖ. 2:6; വെളി. 7:1). അത് ആകാശത്തിന്റെ **ഒരറ്റം മുതൽ മറ്റെ അറ്റം വരെ** എന്നാണ് അർത്ഥമാക്കുന്നത്.

## "ആ തലമുറയിൽ തന്നെ യെരുശലേം നശിപ്പിക്കപ്പെടും" (24:32-35)

**32"അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പ് ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. 33അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ, അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ.
34ഇതൊക്കയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. 35ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും; എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല."**

**വാക്യം 32**. ഈ സമയത്ത്, യേശു സ്പഷ്ടമായും യെരുശലേമിന്റെ നാശം എന്ന വിഷയത്തിലേക്ക് മടങ്ങി വന്നു. അവൻ **അത്തി വൃക്ഷത്തിന്റെ** ചിത്രീകരണം പോയിന്റ് തീർച്ചയുള്ളതാക്കുന്നു. പ്രകൃതിയിലെ ലക്ഷണങ്ങൾ നോക്കി ആളുകൾക്ക് കാലാവസ്ഥ നിരീക്ഷിക്കുവാൻ കഴിയുമെന്ന് അവൻ സമ്മതിക്കുന്നു. വസന്തകാലത്ത് അത്തിയുടെ ഇലകൾ തളരുകയും, അതിന്റെ **കൊമ്പു** [കൾ] **ഇളതായി** തീരുകയും ചെയ്യും. **വേനൽ അടുക്കുമ്പോൾ,**

അതിന്റെ **ഇലകൾ** തളിരിടുകയും ചെയ്യും (21:19 ന്റെ പരാമർശം നോക്കുക). പ്രകൃതി ലക്ഷണങ്ങൾ നോക്കി കാലാവസ്ഥ വിവേചിക്കുവാൻ കഴിയുന്നവർക്ക് യെരുശലേം നാശത്തിന്റെ ആത്മിയ ലക്ഷണങ്ങൾ വിവേചിക്കുവാൻ കഴിയണം എന്നതായിരുന്നു യേശുവിന്റെ പോയിന്റ്.

**വാക്യം 33**. യേശു ശിഷ്യന്മാരോട് പറഞ്ഞു, **"അങ്ങനെ നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ, അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ."** "അവൻ അടുക്കെ" എന്ന പ്രയോഗം എൻഎഎസ്ബിയിൽ അത് ക്രിസ്തുവിന്റെ വരവിനെ കുറിച്ചാണ് പറയുന്നതെന്നു തോന്നുന്നു. എൻഎൽടിയിൽ അത് കൂടുതൽ വ്യക്തത വരുത്തുന്നു, അവിടെ പറയുന്നത് "അവന്റെ വരവ് വളരെ അടുത്തിരിക്കുന്നു" എന്നാണ്. മൂലഗ്രന്ഥത്തിൽനിന്നു "അതു അടുത്തിരിക്കുന്നു" (കെജെവി; എൻഐവി) അല്ലെങ്കിൽ "സമയം അടുത്തിരിക്കുന്നു" എന്നും തർജിമ ചെയ്യാം (ജെഎൻടി). ആ തർജിമക്ക് സന്ദർഭം പിന്തുണക്കുന്നുണ്ട്. "അത്" എന്നു പറഞ്ഞിരിക്കുന്നത് "വേനലിനെയായിരിക്കാം" ഉദ്ദേശിച്ചത് (24:32), യെരുശലേമിന്റെ വീഴ്ച്ച സംഭവിച്ചപ്പോൾ,[32] ജോസെഫസ് പറഞ്ഞതനുസരിച്ച്, ദൈവാലയം നശിപ്പിക്കപ്പെട്ടത് ആബ് മാസം പത്താം തീയതി (ജൂലൈ/ആഗസ്റ്റ്) ഏ. ഡി. 70 ലാണ്.[33]

**വാക്യം 34**. യേശു പിന്നെ പറഞ്ഞു, "**ഇതൊക്കെയും സംഭവിക്കുവോളം, ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു.**" ഈ വാക്യം എങ്ങനെയാണ് വിശദീകരിക്കേണ്ടത്? അതിന്റെ വ്യാഖ്യാനം "തലമുറ" "ഇതൊക്കെയും" എന്നിവയുടെ അർത്ഥത്തെ ആസ്പദമാക്കിയാണ് നടത്തേണ്ടത്. "തലമുറ" (*ജെനേയാ*) എന്നത് "ഈ ജനം" എന്നു വ്യാഖ്യാനിക്കാമോ? അതായത് യെഹൂദ വർഗം. ആ കാഴ്ച്ചപ്പാട് എടുക്കുന്നവർ യേശുവിന്റെ മടങ്ങിവരവ് സംഭവിക്കുന്നതുവരെ അവർ മരിക്കുകയില്ല എന്നാണ് അവൻ വാഗ്ദാനം ചെയ്തതെന്ന് വിശ്വസിക്കുന്നു. എങ്ങനെയായാലും, ജാക് പി. ലേവിസ് ചൂണ്ടിക്കാണിച്ചിരിക്കുന്നു,

> *ജെനോസും* (വർഗം) *ജെനെയായും* (തലമുറ) തമ്മിൽ വ്യത്യാസമുണ്ട് ... മത്തായിയിൽ മറ്റൊരുഭാഗത്ത് *ജെനെയാ* അർത്ഥമാക്കുന്നത് ആ സമയത്ത്, പ്രത്യേകിച്ച് യേശുവിന്റെ കാലത്ത് ജീവിച്ചിരുന്ന ആളുകളെ ഉദ്ദേശിച്ച് പറയുന്നു (1:17; 11:16; 12:39, 41, 45; 23:36; മർ. 8:38; ലൂക്കൊ. 11:50 മു; 17:25), അതു തന്നെയാണ് ഇവിടത്തെയും അർത്ഥം. ഒരു തലമുറ കടന്നുപോകുന്നതിനു മുൻപായിരുന്നു ദൈവാലയം വീണത്.[34]

വാക്യം 34. ലെ "ഇവ ഒക്കെയും" എന്നതിന് സ്വാഭാവികമായി (സന്ദർഭം വിപുലമാക്കിയില്ലെങ്കിൽ) വാക്യം 33 ലെ "ഇതൊക്കെയും" എന്നതിന്റെ അർത്ഥം തന്നെയാണ്. "ഇവ ഒക്കെയും" എന്നത് നമ്മെ ആദ്ധ്യായത്തിന്റെ ആരംഭത്തിലേക്ക് കൊണ്ടുപോകുന്നു, അവിടെ കർത്താവിന്റെ പ്രസംഗത്തിൽ, ദൈവാലയ നാശത്തെ മുന്നറിയിക്കുകയും, ശിഷ്യന്മാർ ആ "കാര്യങ്ങൾ" എപ്പോൾ സംഭവിക്കുമെന്ന് ചോദിക്കുകയും ചെയ്യുന്നു (24:2, 3). വാക്യം 36 പറയുന്നത്, കർത്താവ് മടങ്ങി വരുന്ന സമയം പിതാവിനല്ലാതെ മറ്റാർക്കും അറിയുകയില്ല എന്നു പറഞ്ഞതിനാൽ, "ഇവ ഒക്കെയും" എന്നതിൽ അവന്റെ മടങ്ങിവരവ് ഉൾപ്പെടുന്നില്ല എന്നു സ്പഷ്ടം.

**വാക്യം 35.** തന്റെ രണ്ടാം വരവും ലോകാവസാനവും യേശു പ്രവചിച്ചു കഴിഞ്ഞു (24:29-31), ഇവിടെ അവൻ **ആകാശവും ഭൂമിയും ഒഴിഞ്ഞുപോകയില്ല** എന്ന സത്യം ഉറപ്പിച്ചു പറയുന്നു. ആ ഉപദേശത്തെ മറ്റു വേദഭാഗങ്ങൾ ഉറപ്പിക്കുന്നു (2 പത്രൊ. 3:7, 10-12). ഭൂമിയും അതിലുള്ള പണികളും താൽകാലികമാണ്, എന്നാൽ കർത്താവിന്റെ വചനമോ എന്നേക്കും നിലനിൽക്കും (1 പത്രൊ. 1:24, 25). "എന്റെ വചനങ്ങളോ നീങ്ങി പോകയില്ല" എന്നു കർത്താവ് പറഞ്ഞപ്പോൾ, തന്റെ പ്രസംഗത്തിലെ അവന്റെ പ്രവചനങ്ങൾ വിശ്വാസയോഗ്യമെന്ന് ഊന്നി പറയുകയായിരുന്നു.

---

കുറിപ്പുകൾ

[1]മക്കാബീസ് 1:47, 54, 59; 2 മക്കാബീസ് 6:1-11; ജോസെഫസ് *ആന്റികിറ്റീസ്* 12.5.4. [2]ജോസെഫസ് *വാഴ്സ്* 4.3.7.10; 4.5.4; 5.1.3. [3]ഇബിഡ്., 4.3.10. [4]ഇബിഡ്., 6.4.7. [5]ഇബിഡ്., 6.6.1. റോമൻ നിലവാരം കഴുകന്റെയും പന്നിയുടേയും കിരീടത്താലായിരുന്നു കാണിച്ചിരുന്നത്, മൈക്കിൾ ജെ. വിൽക്കിൻസ്, "*മാത്യു*," ഇൻ *സോണ്ടർവാൻ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ബാക്ഗ്രൗണ്ട്സ്, കമെന്ററി,* വാല്യം. 1, *മാത്യ, മാർക്ക്, ലാക്ക്,* എഡി.ക്ലിന്റൺ ഇ. ആർണോൾഡ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 2002), 148. [6]1 മക്കാബിസ് 2.28. [7]ക്രെയിഗ് എസ്. കീനർ, *ഏ കമെന്ററി ഓൺ ദ ഗോസ്പെൽ ഓഫ് മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1999), 573. [8]യുസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.5.3. [9]എപ്പിഫാനിയസ് *എഗൻസ്റ്റ് ഹെരെസീസ്* 29.7.7. [10]നോക്കുക, വില്യം ഹെൻഡ്രിക്സൺ, *ന്യുടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക് ഹൗസ്, 1973), 858.

[11]നോക്കുക ജോസെഫസ് *ആന്റികിറ്റിസ്* 13.5.3. [12]മക്കാബിയൻ വിപ്ലവം നടന്നപ്പോൾ, മറ്റത്തിയാസും മക്കളും "ഉള്ളതെല്ലാം ടൗണിൽ വിട്ടിട്ട് മലയിലേക്ക് ഓടിപ്പോയി" (1 മക്കാബിസ് 2.28; എൻആർഎസ്വി). [13]ജോസെഫസ് *വാഴ്സ്* 5.12.3. [14]ഇബിഡ്., 6.3.4. [15]*നമ്പേഴ്സ് രബ്ബാ* 3.6. [16]നോക്കുക മിഷനാ *ടാനിത്* 1.3. [17]മിഷ്നാ *എരൂബിൻ* 4.3; 5.7. [18]ജോസെഫസ് *വാഴ്സ്* പ്രിഫേസ് 4. [19]ഇബിഡ്., 5.10.5. [20]ഇബിഡ്., 6.9.4.

[21]ഇബിഡ്., 6.9.3. [22]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 606. [23]യൂസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.5.3; യൂസേബിയസ് *എഗൻസ്റ്റ് ഹെരെസീസ്* 29.7.7. [24]ജോസെഫസ് *ആന്റികിറ്റിസ്* 20.5.1; 20.8.6, 10; വാഴ്സ് 2.8.1; 2.13.4, 5; 4.9.3-5. [25]റിച്ചാർഡ് എ. ഹോഴ്സ്ലേ ആന്റ് ജോൺ എസ്. ഹാൻസൻ, *ബൺഡിറ്റ്സ്, പ്രോഫെറ്റ്സ് ആന്റ് മെസയാസ്: പോപുലർ മൂവ്മെൻസ് ഇൻ ദ ടൈം ഓഫ് ജീസസ്,* ന്യു വോയ്സസ് ഇൻ ബിബിളിക്കൽ സ്റ്റഡീസ്, 2 (ന്യു യോർക്ക്.: വിൻസ്റ്റൻ പ്രസ്, 1985), 162. [26]*നമ്പേഴ്സ് രാബാ* 11.2; *സോങ് രാബാ* 2.9. [27]കീനെർ 583. നോക്കുക, ഹോമെർ *ഇലിയഡ്* 11.395, 454; 22.42, 43, 335, 36, 353; 24.411; *ഒഡീസി* 3.258-60. [28]ഡൊണാൾഡ് ഏ. ഹാഗ്നെർ, *മാത്യു, 14-28,* വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യും. 33ബി (ഡള്ളാസ്: വേർഡ് ബുക്സ്, 1995), 707. [29]ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ്

പബ്ലിഷിങ് കമ്പനി., 1985), 334. [30]ഫ്രാൻസിസ് ബ്രൗൺ, എസ്. ആർ. ഡ്രൈവർ, ആന്റ് ചാൾസ് ഏ. ബ്രിഗ്സ്, *ഏ ഹീബ്രു ആന്റ് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* (ഓക്സ്ഫോർഡ്: ക്ലാരെന്റൺ പ്രസ്, 1968), 348.

[31]*സാംസ് ഓഫ് സോളമൻ* 8.28; 11.2–5; 17.26; 4 *എസ്രാ* 13.39–50; *ടെസ്റ്റമെന്റ് ഓഫ് ആഷേർ* 7.7. [32]ജാക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു,* പാർട്ട് 2, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 129. [33]ജോസെഫസ് *വാഴ്സ്* 6.4.5. യിരെമ്യാവ് 52:12 പ്രകാരം, ശലോമോന്റെ ആലയവും അതേ തീയതിയിൽ തന്നെ നശിപ്പിക്കപ്പെട്ടു – "അഞ്ചാം മാസം പത്താം തീയതി." ആബ് മാസം ഒമ്പതാം തീയതി രണ്ട് ആലയങ്ങളും നശിപ്പിക്കപ്പെട്ടതായി മിഷ്നാ പറയുന്നു. (മിഷ്നാ *ടാനിത്* 4.6.) [34]ലേവിസ്, 129–30.